നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഡാം വീണ്ടും ശക്തിപ്പെടുത്താൻ വേണ്ട ഡിസൈൻ ജനറൽ ചീഫ് എക്സിക്യൂട്ടീവ് ആഫീസിലെ ഫൈഡ്വാ വിഭാഗം പൂർത്തിയാക്കുന്ന മുറയ്ക്ക് അണക്കെട്ടിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള എല്ലാ അടിയന്തിര നടപടികളും ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

(23) പാലക്കാട് ജില്ലാ ഇ. എസ്. ഐ. ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. കെ ഇ. ഇസ്മയിൽ: സർ, പാലക്കാട് ജില്ലയിൽ 5,000-ത്തിലധികം വരുന്ന വ്യവസായ തൊഴിലാളികൾക്കും 10,000 കണക്കിൽ വരുന്ന അവരുടെ കുടുംബാംഗങ്ങൾക്കും ഉപകാരപ്രദമായ പാലക്കാട് ജില്ലാ ഇ.എസ്.ഐ. ഹോസ്പിറ്റലിനെക്കുറിച്ചാണ് ഞാൻ പറയുന്നത്. ഈ മന്ത്രിസഭയുടെ മൂന്നാം വാർഷികം കഴിഞ്ഞ് 27-ാം തീയതി കേരളത്തിന്റേയും കേന്ദ്രത്തിന്റേയും തൊഴിൽവകുപ്പു മന്ത്രിമാർ പോയി ഉദ്ഘാടനം ചെയ്യപ്പെട്ടതാണ്. ആ ഉദ്ഘാടന സന്ദർഭത്തിൽ 50 കിടക്കകൾ നിർദ്ദേശിക്കപ്പെട്ടിരുന്നുവെങ്കിലും അവിടെ 6 കിടക്കകൾ കൊണ്ടുവന്നു സ്ഥാപിക്കുകയാണ് ചെയ്തത്. സ്റ്റാഫിനെയും പോസ്റ്റു ചെയ്തു. എക്സ്റേ പ്ലാന്റും കൊണ്ടുവന്നു. എന്നാൽ ഉദ്ഘാടനം ചെയ്തുകഴിഞ്ഞ മന്ത്രിമാർ തിരിച്ചു പോയതോടുകൂടി കിടക്കകളും പോയി. എക്സ്റേ പ്ലാന്റുമില്ല. അവിടെ പോസ്റ്റു ചെയ്തിരുന്ന ഉദ്യോഗസ്ഥൻമാരെ മറ്റു പല പ്രദേശങ്ങളിലും നിയമിച്ചു. ഇപ്പോൾ പാലക്കാട് ജില്ലയിൽ സ്ഥാപിച്ച ഇ.എസ്.ഐ. ഹോസ്പിറ്റൽ ഒരു ഭാർഗവിനിലയമായി നിലനിൽക്കുകയാണ്. പതിനായിരക്കണക്കിന് തൊഴിലാളികളെ ബാധിക്കുന്ന ഹോസ്പിറ്റലിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കണം. എക്സ്റേ പ്ലാന്റും സ്ഥാപിച്ചു പ്രവർത്തിപ്പിക്കണം. 50 ബെഡ്ഡുകളുമുണ്ടാക്കണം. അങ്ങനെ തൊഴിലാളികളെ സഹായിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, നേരത്തെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 27-5-1985-ൽ ഇ.എസ്.ഐ. ആശുപത്രി ഉദ്ഘാടനം ചെയ്തു. സാമ്പത്തികമായ പരിമിതികൾ മൂലം 50% ജീവനക്കാരെ മാത്രമേ നിയമിച്ചിട്ടുള്ളൂ. ഇപ്പോൾ അവിടെ ആശുപത്രിക്കുവേണ്ടിയുള്ള എക്സ്റേ മെഷിൻ വാങ്ങി കഴിഞ്ഞു. അത് സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. ഒരു ഓപ്പറേഷൻ തിയേറ്ററിനുള്ള സജ്ജീകരണങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. ആശുപത്രിയുടെ പൂർണ്ണമായ നടത്തിപ്പിനുവേണ്ട ഉപകരണങ്ങൾ ഏതാണ്ട് മുഴുവൻ വാങ്ങിക്കഴിഞ്ഞു. രോഗികൾക്ക് ആഹാരം നൽകുന്നതിനുള്ള കോൺട്രാക്ടറിന്റെ ടെൻഡർ വിളിച്ചു കഴിഞ്ഞു. ടെൻഡർ അംഗീകരിച്ചു സാധൂകരിക്കുന്നതിനുള്ള നടപടിയും പൂർത്തിയായി കഴിഞ്ഞു. ബാക്കിയുള്ള 50% ജീവനക്കാരെയും ഗവൺമെന്റിന്റെ അംഗീകാരം കിട്ടുന്നതോടുകൂടി നിയമിക്കുന്നതാണ്.

(24) തേയില, റബ്ബർ എന്നീ ഫാക്ടറികളിലെ വിദ്യുച്ഛക്തി കട്ട്

ശ്രീ. കെ. കെ. തോമസ്: സർ, തേയില, റബ്ബർ എന്നീ പ്ലാന്റേഷൻ വ്യവസായത്തിനാവശ്യമായ വൈദ്യുതി ലഭിക്കാത്തതുമൂലം ഫാക്ടറി പ്രവർത്തനങ്ങൾ നടക്കുന്നില്ല. ഇതുമൂലം ലേ ഓഫ്

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിക്കുന്നതിന് നോട്ടീസ് ഇട്ടിരിക്കുന്നു. തോട്ടം തൊഴിലാളികളും കുടുംബസഹിതം ഈ തൊഴിലുമായി ബന്ധപ്പെട്ടവരാണ്. ഇവർക്ക് തൊഴിലില്ലാതെ വരുന്ന സ്ഥിതിവിശേഷം ഗുരുതരമായിരിക്കും. ഉല്പാദനം കുറഞ്ഞുപോയാൽ പ്രൂണിംഗിന് ബുദ്ധിമുട്ടുണ്ടാവുകയും ഫാക്ടറി അനിശ്ചിതകാലത്തേക്ക് പൂട്ടിയിടേണ്ടതായും വരും. അന്യസംസ്ഥാനങ്ങളിൽനിന്ന് ഇവിടെക്കിട്ടുന്ന വൈദ്യുതിയുടെ 70 ശതമാനവും, ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുള്ള സീസണിൽ നൽകാറുള്ള നമ്മുടെ വൈദ്യുതിയുടെ 20 ശതമാനവും കൃത്യമായി നൽകി ഈ വ്യവസായം നിലനിറുത്തണമെന്ന് അപേക്ഷിക്കുകയാണ്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, വൈദ്യുതിയുടെ ബുദ്ധിമുട്ട് എനിക്കറിയാം. നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴും വിദ്യുച്ഛക്തി പുറത്തുനിന്നു വാങ്ങിയാണ് വ്യവസായങ്ങൾക്കു കൊടുക്കുന്നത്. 50% വീതം ഇപ്പോഴും കൊടുക്കുന്നു. പക്ഷേ അടുത്ത ആഴ്ച നമുക്ക് രാമഗുണ്ടത്തുനിന്ന് വിദ്യുച്ഛക്തി കിട്ടുന്നതോടുകൂടി കുറച്ചുകൂടി പുരോഗതിയുണ്ടാകുമെന്ന് കരുതുകയാണ്. സർ, ഏതെങ്കിലുമൊരു വ്യവസായത്തിന് വിദ്യുച്ഛക്തി പ്രത്യേകമായി കൂടുതലായി കൊടുക്കുന്നതിന് നിയമപരമായി ബുദ്ധിമുട്ടുള്ള കാര്യമാണ്. കഴിയുന്നിടത്തോളം അടുത്ത ആഴ്ച വൈദ്യുതി ലഭ്യത അനുസരിച്ച് ഇത് വർദ്ധിപ്പിക്കുന്നതിനു പൊതുവായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്.

(25) പൊൻമുടി തോട്ടം തൊഴിലാളികളുടെ പ്രശ്നം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, തിരുവനന്തപുരം ജില്ലയുടെ കിഴക്ക് പൊൻമുടിയിൽ 873 ഏക്കർ ടീ എസ്റ്റേറ്റിൽ 500-ൽ കുറയാത്ത തൊഴിലാളികളും അവരെ ആശ്രയിച്ചു ജീവിക്കുന്ന 2000-ത്തോളം ആളുകളുമുണ്ട്. ഇതൊക്കെ നിയമസഭയ്ക്ക് സുപരിചിതമാണ്. ഞാൻ അതിനെപ്പറ്റി ദീർഘമായി സംസാരിക്കുന്നില്ല. ഇതിനെപ്പറ്റി സഹകാര്യ അംഗങ്ങളുടെ ഒരു ബില്ലും ഇവിടെയുണ്ട്. ശ്രീ. മഹാബലറാവുവിനെ ഇതിനെപ്പറ്റി അന്വേഷിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും വേണ്ടി കമ്മീഷനായി നിയമിക്കാൻ മന്ത്രി ഓർഡറിടുകയുണ്ടായി. ആ മഹാബലറാവു കമ്മീഷൻ എന്നെയും അവിടത്തെ എം.പി.യെയും തൊഴിലാളി നേതാക്കൻമാരെയും തൊഴിലാളികളെയും മുതലാളിയേയുമെല്ലാം കണ്ടു, തെളിവെടുപ്പും കഴിഞ്ഞു. ആ റിപ്പോർട്ടു മന്ത്രിയുടെ കയ്യിൽ കിട്ടിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ റിപ്പോർട്ടിനകത്തു പറയുന്ന തോട്ടം ഏറ്റെടുക്കുവാനുള്ള നടപടി ഏതു ഘട്ടം വരെയായി. അത് ഏറ്റെടുക്കാൻ കഴിയുമോ എന്നുള്ള കാര്യങ്ങളും ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ വ്യക്തമാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

തൊഴിൽവകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, മഹാബലറാവു കമ്മീഷൻ റിപ്പോർട്ടു ഗവൺമെൻറിനു ലഭിച്ചിട്ടുണ്ട്. അതിൽ സജസ്റ്റ് ചെയ്തിരിക്കുന്നത് 1953-ലെ ടീ ആക്ടിലെ സെക്ഷൻ 16 അനുസരിച്ച് ഈ തോട്ടം ഏറ്റെടുക്കുന്നതിനു ഇൻഡ്യാ ഗവൺമെൻറിനെ പ്രേരിപ്പിക്കണമെന്നാണ്. അങ്ങനെ ഏറ്റെടുത്ത്

LIBRARY ARCHIVES Kerala Legislative Assembly